**ശ്രദ്ധക്ഷണിക്കൽ**

## (1) ഭൂരഹിതർക്ക് ഭൂമി വിതരണം

ശ്രീ. പി. എസ്. സുപാൽ: സർ, സംസ്ഥാനത്ത് സമഗ്രമായ പട്ടയ വിതരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന വിഷയത്തിൽ സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് പട്ടയ വിതരണവുമായി ബന്ധപ്പെട്ട് സജീവമായ ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പട്ടയ വിതരണവുമായി ബന്ധപ്പെട്ട് വളരെ വേഗത്തിൽ നടപടികൾ സ്വീകരിക്കുകയും അഞ്ച് വർഷംകൊണ്ട് സംസ്ഥാനത്ത് 177494 പട്ടയങ്ങളുടെ വിതരണം നടത്തുകയും ചെയ്തു. ഇപ്പോഴത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാന്യനായ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ മേഖലയിലും അർഹരായ പരമാവധി ആളുകൾക്ക് പട്ടയം ലഭിക്കുന്നതിനാവശ്യമായ സജീവമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായി ഒരു വർഷത്തിനുള്ളിൽ 54535 പട്ടയമാണ് സംസ്ഥാനത്ത് വിതരണം നടത്തിയത്.

ഇത് വലിയൊരു മുന്നേറ്റമാണ്. ഈ വിഷയത്തിൽ ഗവൺമെന്റ് വളരെ കാര്യക്ഷമമായി ഇടപെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന ഉറച്ച വിശ്വാസത്തോടുകൂടിയാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്.

വനഭൂമിയിൽ താമസിക്കുന്ന അർഹരായ ആളുകൾക്ക് ഇനിയും പട്ടയം ലഭിച്ചിട്ടില്ല. അതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് പതിനായിരക്കണക്കിന് ആളുകൾക്കാണ് ആ രീതിയിൽ പട്ടയം ലഭിക്കാനുള്ളത്. പുനലൂർ, പത്തനാപുരം താലൂക്കുകളിൽതന്നെ ഏതാണ്ട് 4552 അപേക്ഷകൾ നിലവിലുണ്ട്. അത് പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് കേന്ദ്രാനുമതിക്കുവേണ്ടി കാത്തിരിക്കുകയാണ്. എത്രയുംവേഗം അനുമതി ലഭ്യമാക്കേണ്ടതുണ്ട്. അവിടെ മാത്രമല്ല കേരളത്തിലുടനീളം അർഹരായ മുഴുവൻ ആളുകൾക്കും വനഭൂമിക്ക് പട്ടയം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. 2006-ലെ കേന്ദ്ര വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗക്കാരായ ആളുകൾക്ക് അവകാശപത്രിക വിതരണം ചെയ്യുകയുണ്ടായി. എന്നാൽ വസ്തു സംബന്ധമായ വിവിധ ആവശ്യങ്ങൾക്ക് അവകാശപത്രിക മതിയാകാതെ വരുന്ന സാഹചര്യത്തിൽ കുടുംബാംഗങ്ങളായ

ആദിവാസികൾക്ക് അല്ലാതെ അന്യകൈമാറ്റം ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥയ്ക്ക് വിധേയമായി അവകാശപത്രികയ്ക്കുപകരം പട്ടയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്.

സംസ്ഥാനത്ത് റോഡുകളുടെയും പുഴകളുടെയും കനാലുകളുടെയും തോടുകളുടെയും റെയിൽവേയുടെയും പുറമ്പോക്കുകളിലുൾപ്പെടെ താമസിക്കുന്ന ലക്ഷക്കണക്കിന് ആളുകളുണ്ട്. അവർ പതിറ്റാണ്ടുകളായി അവിടെ വീടുവച്ച് താമസിക്കുകയാണ്. അതിൽ പലർക്കും പട്ടയമില്ല. അതുകൊണ്ടുതന്നെ അവർ പല പ്രയാസങ്ങളും നേരിട്ടുകൊണ്ടിരിക്കുകയാണ്. ഭൂമിയെ സംബന്ധിച്ചിടത്തോളം ആ വകുപ്പുകളുടെ ഭാവി വികസനത്തിന് അത് അനിവാര്യമല്ലെന്ന് കണ്ടെത്തുന്ന കേസ്സുകളിൽ നിരാക്ഷേപപത്രം വാങ്ങിക്കൊണ്ട് അർഹരായ മുഴുവൻ ആളുകൾക്കും ആ ഭൂമി പതിച്ച് നൽകുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്. അത്തരത്തിലുള്ള നടപടി സ്വീകരിച്ചാൽ സംസ്ഥാനത്തെ പതിനായിരക്കണക്കിന് കുടുംബങ്ങൾക്ക് ആശ്വാസകരമായി ആ തീരുമാനം

മാറുമെന്ന കാര്യത്തിൽ സംശയമില്ല. സംസ്ഥാനത്ത് ഭൂരഹിതരായ നിരവധി ആളുകളുണ്ട്. ഒരു തുണ്ട് ഭൂമിക്കുവേണ്ടി കാത്തിരിക്കുന്ന അനേകായിരങ്ങൾക്ക് ആശ്വാസം പകരുന്ന വാക്കുകളാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. ഞാൻ ഇക്കാര്യം പറയുമ്പോൾ അർഹരായ ഒട്ടേറെ ആളുകൾക്ക് ഭൂമി ഇല്ലാതിരിക്കുമ്പോൾ അനർഹരായ ഒട്ടേറെ ആളുകൾ ഭൂമി കൈവശപ്പെടുത്തിവച്ചിരിക്കുന്ന സ്ഥിതിയുണ്ട്. ഇത് വളരെ ഗൗരവമായി കാണേണ്ടതും വേഗത്തിൽ നടപടി സ്വീകരിക്കേണ്ടതുമായ വിഷയമാണ്. ഇതിന് നടപടി സ്വീകരിച്ചുകൊണ്ട് അങ്ങനെയുള്ള ഭൂമി കണ്ടെത്തി അർഹരായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. വിവിധ പ്രദേശങ്ങളിൽ പട്ടയം അനുവദിക്കുന്നതിന് നിയമക്കുരുക്കിൽപ്പെട്ട നിരവധി കേസ്സുകൾ നിലവിലുണ്ട്. നിയമത്തിലോ ചട്ടത്തിലോ ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് നൽകി ഇത്തരം കേസ്സുകൾ പരിഹരിക്കാൻ സാധിക്കണം. അങ്ങനെ പരിഹരിക്കാൻ തയ്യാറായാൽ നിരവധി ആളുകൾക്ക് പട്ടയം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ കഴിയും. കേരളത്തിലെ പട്ടയ സംബന്ധമായ വിഷയങ്ങളിൽ

വളരെ ആത്മാർത്ഥമായ സമീപനമാണ് ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ നടപടികളുമായി മുന്നോട്ടുപോയി സമഗ്രമായി എല്ലാവർക്കും പട്ടയം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം കുറഞ്ഞ സമയത്തിനുള്ളിൽ കേരളത്തിലെ ഭൂമി വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സമഗ്രമായി വിലയിരുത്തിക്കൊണ്ട് വളരെ വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായപ്രകടനങ്ങളുമാണ് രേഖപ്പെടുത്തിയത്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന മുഖമുദ്രാവാക്യത്തോടെ ഭൂരഹിതരില്ലാത്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യമാണ് രണ്ടാം പിണറായി സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട മുദ്രാവാക്യം. അങ്ങ് നേരത്തെ പറഞ്ഞതുപോലെ, ഇക്കാര്യത്തിൽ ഒന്നാം പിണറായി ഗവൺമെന്റ് 1,77,000 പട്ടയം വിതരണം ചെയ്തുകൊണ്ട് ഒരു ഗവൺമെന്റിന്റെ കാലയളവിൽ വിതരണം ചെയ്യാവുന്ന പട്ടയങ്ങളുടെ വലിയ ചരിത്രം സൃഷ്ടിച്ചു. കോവിഡ് മഹാമാരിക്കിടയിലും ഈ ഗവൺമെന്റ് ഒരു

വർഷക്കാലംകൊണ്ട് 54535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഭൂവിതരണം സംബന്ധിച്ചും ഭൂമി കണ്ടെത്തി ഏറ്റെടുക്കുന്നത് സംബന്ധിച്ചും സംസ്ഥാനത്ത് നിലനിൽക്കുന്ന നിയമങ്ങളെയും ഈ വിഷയങ്ങളിലുള്ള കോടതി വിധികളെയും ഭൂരഹിതർക്കും ഭൂമിയുടെ കൈവശക്കാർക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ വ്യാഖ്യാനിച്ചുകൊണ്ടും 'എല്ലാവർക്കും ഭൂമി' എന്ന സങ്കൽപ്പം സാക്ഷാൽക്കരിക്കുകയെന്ന ലക്ഷ്യത്തിലേയ്ക്കാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേരളത്തെ സംബന്ധിച്ച് ഇത് വലിയൊരു വെല്ലുവിളിയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി നടത്തിയ നിശ്ചയ ദാർഢ്യത്തോടെയുള്ള പ്രവർത്തനങ്ങളുടെ ഫലമായി ആദ്യത്തെ ഒരു വർഷത്തിൽതന്നെ 54535 പട്ടയങ്ങൾ വിതരണം ചെയ്യാൻ സാധിച്ചു. കേരളത്തിന്റെ 28.9 ശതമാനം വന പ്രദേശമാണ്. ജണ്ടയിട്ട് തിരിച്ച വനാതിർത്തിക്കും സമുദ്രതീരാതിർത്തിക്കും ഇടയിലുള്ള 38 ശതമാനം മാത്രമാണ് വാസയോഗ്യമായ ഭൂമി ലഭ്യമാകുന്നത്. ഈ ഭൂമി പരമാവധി കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളാണ് സ്വീകരിച്ചുവരുന്നത്. കേരളത്തിൽ നിലനിന്നിരുന്ന

നാട്ടുവാഴി, ജന്മി, കുടിയാൻ വ്യവസ്ഥകളും ജാതി വ്യവസ്ഥയും ഭൂമിയുടെ ഉടമസ്ഥത ഒരു ചെറിയ വിഭാഗത്തിൽ കേന്ദ്രീകരിക്കുന്നതിന് കാരണമായപ്പോൾ അതിനെ വലിയൊരു അളവുവരെ മറികടക്കാനായത് 1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് തുടങ്ങിവച്ച കാർഷിക ബന്ധനിയമവും 1963-ലെ സമഗ്ര ഭൂപരിഷ്കരണ നിയമവും 1967-ൽ സമഗ്രമായി അവതരിപ്പിച്ച നിയമവുംമൂലമാണ്. ഇതിലൂടെ കൃഷി ഭൂമിയുടെ ഉടമസ്ഥത കൃഷി ചെയ്യുന്ന കർഷകന് നൽകുന്നതിനോടൊപ്പം ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനും തുടക്കം കുറിച്ചു. നാളിതുവരെ 40557.01 ഹെക്ടർ മിച്ചഭൂമിയാണ് ഏറ്റെടുത്ത് വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ ഇപ്പോഴും 1342 മിച്ചഭൂമി കേസ്സുകൾ കേരളത്തിൽ തീർപ്പാക്കാനുണ്ട്. സംസ്ഥാനത്തെ താലൂക്ക് ലാൻഡ് ബോർഡുകളുടെ ചെയർമാന്മാരായി ഡെപ്യൂട്ടി കളക്ടർമാർ, ആർ.ഡി.ഒ.-മാർ എന്നിവരെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ഈ ഉദ്യോഗസ്ഥർക്ക് ജോലി തിരക്കുമൂലം യഥാസമയം കേസ്സുകൾ തീർപ്പാക്കുന്നതിന് സാധിക്കാതെ വന്ന സാഹചര്യത്തിലാണ് ലാൻഡ് ബോർഡ് കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി നാല് മേഖലകളായി തിരിച്ച് നാല് മേഖലകൾക്ക് പുതിയ ലാൻഡ്

ബോർഡ് ചെയർമാന്മാർ എന്ന പ്രത്യേക തസ്തിക സൃഷ്ടിച്ചുകൊണ്ട് 11-10-2022-ൽ ജി.ഒ. 235/2022/റവന്യൂ ഡിപ്പാർട്ടുമെന്റ് നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇതുവഴി തീർപ്പാക്കാനുള്ള മുഴുവൻ മിച്ചഭൂമി കേസ്സുകളും സമയബന്ധിതമായി തീർപ്പാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ഇവ തീർപ്പാക്കിയാൽ 20000 ഏക്കർ ഭൂമി ഏറ്റെടുക്കാനും ഭൂരഹിതർക്ക് വിതരണം ചെയ്യാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്ത് ഇപ്പോൾ ഭൂപരിധിയിൽ കവിഞ്ഞ ഭൂമി വാങ്ങി കൂട്ടുന്നവരുണ്ട്. ഭൂപരിഷ്കരണ നിയമം നടപ്പിലാക്കി 50 വർഷം പിന്നിട്ടിട്ടും പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വയ്ക്കുന്ന എല്ലാവരേയും കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നത് വലിയൊരു ന്യൂനതയാണ്. സംസ്ഥാനത്തെ വിവിധ വില്ലേജുകളിലായി പരിധിയിൽ കവിഞ്ഞ ഭൂമി കൈവശംവച്ച് അനുഭവിക്കുന്നവരെ കണ്ടെത്താൻ മാർഗ്ഗമുണ്ടായിരുന്നില്ല. ഇത് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് 'യുണിക് തണ്ടപ്പേർ' സംവിധാനം സർക്കാർ നടപ്പിലാക്കിയത്. ഇനി മുതൽ സംസ്ഥാനത്തെ പല വില്ലേജുകളിലായി പരിധിയിൽ കവിഞ്ഞ ഭൂമി കൈവശത്തിലുള്ളവരെ ഒറ്റത്തണ്ടപ്പേർ സംവിധാനത്തിലൂടെ കണ്ടെത്താൻ

കഴിയും. പൂർണ്ണമായും നടപ്പിലാക്കി കഴിയുമ്പോൾ ഭൂപരിഷ്കരണ രംഗത്തുണ്ടായ വിപ്ലവകരമായ എല്ലാ മാറ്റങ്ങൾക്കും യുണിക് തണ്ടപ്പേർ അഥവാ ഒറ്റത്തണ്ടപ്പേർ എന്ന സംവിധാനം വഴിയൊരുക്കും. രാജഭരണകാലത്ത് വിദേശ കമ്പനികൾക്ക് പാട്ടത്തിന് നൽകിയതും അവർ വിലകൊടുത്ത് വാങ്ങിയതുമായ പതിനായിരക്കണക്കിന് ഏക്കർ ഭൂമി ഇന്നും സർക്കാരിന് ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. സ്വാതന്ത്ര്യത്തിനുശേഷം ഇത്തരം കമ്പനികൾ ഇന്ത്യൻ കമ്പനികളുമായി ലയിച്ച് ഭൂമി അനധികൃതമായി കൈവശംവച്ച് വരികയാണ്. ഇത്തരം ഭൂമികൾ ഏറ്റെടുക്കാൻ ലാൻഡ് കൺസർവെൻസി ആക്ടുപ്രകാരം സർക്കാർ നടപടി സ്വീകരിച്ചുവന്നു. എങ്കിലും കെ.എൽ.സി. ആക്ടുപ്രകാരം നടപടി സ്വീകരിക്കുന്നതിന് മുമ്പായി ഭൂമിയുടെ ഉടമസ്ഥത സർക്കാർ സിവിൽ കോടതി മുഖേന തെളിയിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായി. ഇതനുസരിച്ച് 68 കേസ്സുകൾ കണ്ടെത്തിയതിൽ 8 കേസ്സുകൾ വിവിധ സിവിൽ കോടതികളിൽ ഫയൽ ചെയ്ത് നടപടികളിൽ ഇരിക്കുകയാണ്. ബാക്കി കേസ്സുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നുണ്ട്. ഇതിലൂടെ ഭൂരഹിതർക്ക് ഭൂമി കണ്ടെത്താനുള്ള ശ്രമങ്ങളാണ് സർക്കാർ

നടത്തുന്നത്. സംസ്ഥാനത്തെ 17 ലാൻഡ് ട്രിബ്യൂണലുകൾ കൂടാതെ ലാൻഡ് ട്രിബ്യൂണലിന്റെ ചുമതല നൽകിയിട്ടുള്ള 65 ട്രിബ്യൂണലുകളുമുൾപ്പെടെ 82 ലാൻഡ് ട്രിബ്യൂണലുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. 1964-ന് മുമ്പ് കുടിയായ്മയുണ്ടായിരുന്നവർക്ക് ലാൻഡ് ട്രിബ്യൂണലുകൾവഴി ക്രയസർട്ടിഫിക്കറ്റ് നൽകുകയാണ്. ഇപ്പോൾ ലാൻഡ് ട്രിബ്യൂണലുകളിൽ ഒരു ലക്ഷത്തിലധികം കേസ്സുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. ഇതിൽ അറുപതിനായിരം കേസുകൾ ഈ വർഷംതന്നെ തീർപ്പാക്കി ക്രയസർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 01-01-1964 മുതൽ 18-10-2006 വരെയുള്ള കാലയളവിൽ നലേക്കർവരെ മിച്ചഭൂമി വിലകൊടുത്തുവാങ്ങിയവരെ കുടിയാനായി കണക്കാക്കാം എന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് ഭൂപരിഷ്കരണ നിയമത്തിൽ 7(E) ഭേദഗതി വന്നതിനുശേഷം അത്തരത്തിലുള്ള അപേക്ഷകളും ലാൻഡ് ട്രിബ്യൂണലുകളിൽ ഫയൽ ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത്തരം അപേക്ഷകൾ നിരസിക്കപ്പെടുന്ന കുടിയാന്മാർക്ക് അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നതിന് നിയമത്തിൽ ഇതുവരെ വ്യവസ്ഥയില്ലായിരുന്നു. ഭൂപരിഷ്കരണ നിയമത്തിലെ

102-ാം വകുപ്പിൽ ഇതിനാവശ്യമായ ഒരു ഭേദഗതി ഇന്നേദിവസം ഈ നിയമസഭയിൽ കൊണ്ടുവരുന്നത് ശ്രദ്ധയോടെ സഭ ചർച്ച ചെയ്യാനിരിക്കുകയാണ്.

മലയോര ആദിവാസി മേഖലയിലെ പട്ടയവിതരണമാണ് ബഹുമാനപ്പെട്ട അംഗമുന്നയിച്ച മറ്റൊരു വിഷയം. ഈ സർക്കാരിന്റെ കാലത്തുതന്നെ മലയോര മേഖലയിലെയും ആദിവാസികളുടെയും മുഴുവൻ കൈവശ ഭൂമിക്കും പട്ടയം നൽകുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി മിഷൻ മോഡിലുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിവരികയാണ്. നിലവിലെ ഭൂ പതിവ് ചട്ടങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമികൾ പതിവിന് വിധേയമല്ല. കൂടാതെ ജലസ്രോതസ്സുകളും അവയോടനുബന്ധിച്ചുള്ള സ്ഥലങ്ങളും പതിച്ചുനൽകാൻ പാടില്ലെന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയും വ്യക്തമാക്കിയിട്ടുള്ളത്. അങ്ങ് ആ പ്രശ്നം ഗൗരവത്തോടെ സഭയുടെ മുമ്പാകെ ചൂണ്ടിക്കാണിച്ചു. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 218(1) പ്രകാരം പ്രസ്തുത ആക്ട് നിലവിൽ വന്ന തീയതി മുതൽ കായൽ, തോട്, കുളം തുടങ്ങിയ എല്ലാ ജലസ്രോതസ്സുകളും അതിനോട്

ബന്ധപ്പെട്ട സ്വകാര്യ സ്വത്തല്ലാത്ത ഭൂമിയും പഞ്ചായത്തിൽ നിക്ഷിപ്തമാണ്. ജലസ്രോതസ്സുകളും അവയോടനുബന്ധിച്ചുള്ള സ്ഥലങ്ങളും പതിച്ചുനൽകാൻ പടില്ലെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കായൽ, തോട്, കുളം, റോഡ് എന്നിവയുടെ സാമീപ്യമില്ലാത്ത പല സ്ഥലങ്ങളിലും പതിറ്റാണ്ടുകളായി വീടുവച്ച് താമസിക്കുന്ന ആളുകൾക്ക് ഇത്തരം നിയമപ്രശ്നങ്ങൾമൂലം ഭൂമി പതിച്ചുനൽകാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. റവന്യൂ രേഖകളിൽ, പതിച്ചുകൊടുക്കാനാവാത്ത പുറമ്പോക്കുകളായി രേഖപ്പെടുത്തിയിട്ടുള്ളതാണ് ഈ പ്രശ്നത്തിന്റെ പ്രധാന കാരണം. ഇതുകൂടാതെ കനാലുകൾക്കും മറ്റും ഏറ്റെടുത്തിട്ടുള്ളതും ഏറ്റെടുത്ത ആവശ്യത്തിന് ഉപയോഗിക്കാത്തതുംമൂലം അത്തരം സ്ഥലങ്ങളിൽ കുടിയേറി വീടുവച്ച് താമസിക്കുന്നവരുടെ പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ട്. നിയമവകുപ്പുമായും ബന്ധപ്പെട്ട മന്ത്രിമാരുമായും കൂടിയാലോചിച്ച് നിയമത്തിനും കോടതി വിധികൾക്കും വിധേയമായി ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പരിശ്രമത്തിലാണ്. റവന്യൂ, വനം, തദ്ദേശസ്വയംഭരണം, ജലവിഭവ, പൊതുമരാമത്ത്, ഇലക്ട്രിസിറ്റി, പട്ടികജാതി-

പട്ടികവർഗ്ഗ, നിയമ വകുപ്പുകൾ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും ചർച്ചകൾ നടന്നുവരികയും ആരംഭിക്കാനിരിക്കുകയുമാണ്. ഇക്കാര്യത്തിൽ വനം, പട്ടികജാതി-പട്ടികവർഗ്ഗ, റവന്യൂ വകുപ്പുമന്ത്രിമാർ പ്രത്യേകമായി കൂടിയാലോചിച്ച് ഈ വർഷം മുതൽ ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീജ്യുവർ തയ്യാറാക്കി നടപ്പിലാക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി ഒരു ഫയൽ അദാലത്ത് സംഘടിപ്പിച്ചുവരികയാണ്. മറ്റ് വകുപ്പുകളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതിക്കും രൂപംനൽകുന്നുണ്ട്. 2006-ലെ പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമത്തിലെ വകുപ്പ് 3(1)(A) അനുസരിച്ചാണ് പട്ടയം അനുവദിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ, ഇത്തരത്തിൽ വിതരണം ചെയ്യുന്ന അവകാശ പത്രിക (RoR-Record of Rights) പട്ടയത്തിന് സമാനമാണ്. എന്നാൽ പ്രസ്തുത ഭൂമി വനംഭൂമിയായി നിലനിൽക്കുമെന്നതാണ് വസ്തുത. ഈ ന്യൂനത പരിഹരിച്ചുകൊണ്ട് ആദിവാസികൾക്കും ഗോത്രവർഗ്ഗങ്ങൾക്കും

പട്ടയമായിത്തന്നെ ഇത് വിതരണം ചെയ്യാനാവശ്യമായ ശ്രമങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. ആ പ്രശ്നം ചർച്ച ചെയ്തുവരികയുമാണ്. പട്ടയവിതരണം മുഖ്യ അജണ്ടയാക്കി റവന്യൂ വകുപ്പ് ഒരു പരിപാടി തയ്യാറാക്കുകയും ഇതിനുവേണ്ടി ഡാഷ് ബോർഡ് തയ്യാറാക്കുകയും ചെയ്തു. ജില്ലാതല റവന്യൂ അസംബ്ലിക്കുശേഷം പട്ടയ പ്രശ്നങ്ങൾമാത്രം ചർച്ച ചെയ്യുന്നതിനുള്ള നിയോജകമണ്ഡലം യോഗങ്ങൾ നടന്നുവരികയാണ്. ഇതിനുവേണ്ടി ഓരോ നിയോജകമണ്ഡലത്തിലും ഡെപ്യൂട്ടി കളക്ടർമാരെ പ്രത്യേകമായി ചുമതലപ്പെടുത്തിയിരിക്കുകയാണ്. എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച 3.00 മണിക്ക് ചേരുന്ന വില്ലേജുതല ജനകീയ സമിതികൾ പട്ടയ വിഷയങ്ങൾ മുഖ്യ അജണ്ടയായി ചർച്ച ചെയ്തുവരുന്നുണ്ട്. പട്ടയമനുവദിച്ച കേസ്സുകളിൽ പട്ടയവും പട്ടയ ഫയലും നഷ്ടപ്പെടുന്ന സാഹചര്യത്തിൽ അവ വീണ്ടെടുക്കുന്നതിന് പലവിധ തടസ്സങ്ങൾ നേരിടുന്നു. ഈ ബുദ്ധിമുട്ടൊഴിവാക്കുന്നതിനാണ് ഇ-പട്ടയമെന്ന ആശയത്തിന് രൂപം നൽകിയിട്ടുള്ളത്. ആദ്യഘട്ടമെന്ന നിലയിൽ ഭൂപരിഷ്കരണ നിയമ പ്രകാരമുള്ള പട്ടയങ്ങൾ ഇ-പട്ടയങ്ങളായാണ് വിതരണം ചെയ്യുന്നത്. ഇത്തരം പട്ടയങ്ങൾ

നഷ്ടപ്പെട്ടാലും പകർപ്പ് ലഭ്യമാകാതെതന്നെ പട്ടയം തുടരാനാകും. പുനലൂർ പേപ്പർ മില്ലിന്റെ കാര്യത്തിൽ, ബന്ധപ്പെട്ടവർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് അങ്ങുകാണിച്ച പ്രത്യേക താൽപ്പര്യം ഈ ഘട്ടത്തിൽ ഞാൻ ഓർക്കുകയാണ്. തുടർന്നും ആ പ്രവർത്തനങ്ങളുണ്ടാകും. ഞാൻ ഈ സഭയ്ക്ക് ഒരു കാര്യത്തിൽ ഉറപ്പുനൽകുകയാണ്, ഭൂരഹിതനായ ഒരു സാധാരണ മനുഷ്യനെ ഭൂമിയുടെ ഉടമസ്ഥനാക്കുന്നതിന്, നിയമത്തിന്റെ അന്തഃസത്ത നിലനിർത്തിക്കൊണ്ടുതന്നെ നിയമങ്ങളിലോ ചട്ടങ്ങളിലോ ഏതെങ്കിലും വിധത്തിലുള്ള മാറ്റം വരുത്തണമെങ്കിൽ അക്കാര്യത്തിൽ ഈ ഗവൺമെന്റിന് ഒരു മടിയുമുണ്ടാകില്ല. എന്നാൽ നിയമത്തെ കബളിപ്പിച്ച് ഭൂമി സമ്പാദിച്ചവർ എത്ര ഉന്നതരായാലും ആ ഭൂമി പിടിച്ചെടുത്ത് സാധാരണക്കാർക്കും ഭൂരഹിതർക്കും വിതരണം ചെയ്യുന്നതിനും ഈ ഗവൺമെന്റിന് മടിയുണ്ടാകില്ല. ഈ ഗവൺമെന്റിന് പക്ഷപാതിത്വമുണ്ട്, അത് ഭൂരഹിതരായ മനുഷ്യരുടെ വികാരത്തോടുള്ള പക്ഷപാതിത്വമാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, വനഭൂമി പട്ടയവുമായി ബന്ധപ്പെട്ട് വലിയ കാലതാമസമുണ്ടാകുകയാണ്. അത് സംസ്ഥാന സർക്കാരിന്റെ ഒരു പ്രശ്നമല്ല.

ജോയിന്റ് വെരിഫിക്കേഷൻ നടത്തിയശേഷം കേന്ദ്രാനുമതിക്കായി അയയ്ക്കുമ്പോൾ അവിടെനിന്ന് അനുമതി ലഭിക്കുന്ന കാര്യത്തിൽ വലിയ കാലതാമസമുണ്ടാകുന്നുണ്ട്. പ്രത്യേക ഇടപെടൽ നടത്തിക്കൊണ്ട് വനഭൂമി പട്ടയത്തിന് ആവശ്യമായ അനുമതികൾ എത്രയുംവേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ഞാനും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും ഇക്കാര്യം കേന്ദ്ര ഗവൺമെന്റുമായി ഇതിനകം ചർച്ച ചെയ്തിട്ടുണ്ട്. ആ ചർച്ച തുടരുകയാണ്. മാത്രമല്ല, അങ്ങ് ആവശ്യപ്പെട്ടതുപോലെ, വനഭൂമിയിൽ അവകാശത്തിനാവശ്യമായ രേഖകൾ ഇനിയും കൊടുക്കാൻ കഴിയാത്തവർക്ക് പുതുതായി അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടിയുൾപ്പെടെ ഈ ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. അക്കാര്യം ഗൗരവമായി നടപ്പാക്കുന്നതാണ്.

(2) സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ നടപടികളിലെ ആശങ്കകൾ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരള സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ പുറത്തിറക്കിയ കരടും കൈപ്പുസ്തകങ്ങളും ചർച്ചകളും സമൂഹത്തിൽ വലിയ ആശങ്കകൾ സൃഷ്ടിച്ചിട്ടുണ്ട്.

കേരളീയ സമൂഹം ധാർമ്മികതയ്ക്ക് പ്രാധാന്യം നൽകി ജീവിക്കുന്നവരാണ്. ഹിന്ദു, മുസ്ലീം, ക്രിസ്ത്യീയ വിഭാഗങ്ങൾ അവരുടെ വിശ്വാസങ്ങൾക്കും പൈതൃകങ്ങൾക്കുമനുസൃതമായി ജീവിതത്തിലുടനീളം ധാർമ്മിക മൂല്യങ്ങൾ പുലർത്തുന്നവരാണ്. എന്നാൽ പുതിയ പരിഷ്കാര നിർദ്ദേശങ്ങൾ അവ തകർക്കുന്നതാണ്. പാഠ്യപദ്ധതി ചട്ടക്കൂടിൽ പരാമർശിക്കുന്ന ജെൻഡർ ന്യൂട്രൽ ആശയങ്ങൾ സ്വതന്ത്ര ലൈംഗികതയിലേയ്ക്കും അതുവഴി അരാജകത്വത്തിലേയ്ക്കും നയിക്കുമെന്നതുകൊണ്ടാണ് ഈ എതിർപ്പ് ശക്തമാകുന്നത്. ലിബറൽ അജണ്ടകൾ വിദ്യാഭ്യാസ മേഖലയിലേയ്ക്ക് ഒളിച്ചുകടത്താനുള്ള നീക്കമാണിത്. അത് പ്രതിഷേധാർഹമാണ്. അതിനെ എതിർക്കുമെന്ന് ഇവിടെ സൂചിപ്പിക്കുകയാണ്. ഫോക്കസ് പോയിന്റിൽ പറയുന്ന ചില കാര്യങ്ങൾ മാത്രമാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ഭാവി വിദ്യാഭ്യാസം എങ്ങനെയായിരിക്കണമെന്നാണ് ഫോക്കസ് പോയിന്റിൽ പറയുന്നത്. വിമർശന ചിന്തയും സർഗ്ഗാത്മകതയും യുക്തിചിന്തയും സ്കൂൾ വിദ്യാഭ്യാസ കാലംമുതൽതന്നെ വിദ്യാർത്ഥികളെ പരിശീലിപ്പിക്കണമെന്നാണ് പറയുന്നത്. യുക്തിചിന്ത സർക്കാർ ചെലവിൽ പരിശീലിപ്പിക്കുകയെന്നുള്ളത്

അംഗീകരിക്കാൻ കഴിയുന്നതല്ല. ഇത് 2008-ലെ 'മതമില്ലാത്ത ജീവന്റെ' പ്രേതമാണ്. അതുകൊണ്ടുതന്നെ ഈ യുക്തിചിന്ത മതനിരാസത്തിലെത്തിക്കും. അതുകൊണ്ട് 'യുക്തിചിന്ത' എന്ന ഭാഗം ഇതിൽനിന്ന് ഒഴിവാക്കേണ്ടതുണ്ട്. ലിംഗനീതി, ലിംഗാവബോധം, ലിംഗതുല്യത എന്നിവ നടപ്പാക്കണമെന്നാണ് മറ്റൊരു ഫോക്കസ് പോയിന്റിൽ പറയുന്നത്. കേരളത്തിൽ ഇത് മുന്നേതന്നെ ആർജ്ജിച്ചതാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇവിടെ സ്ത്രീ-പുരുഷ വിവേചനമില്ല, അങ്ങനെ പാടില്ല. പെൺകുട്ടികൾക്ക് പത്ത് ശതമാനം സീറ്റ് അധികം നൽകിയാൽ അതിനെയും ഞങ്ങൾ അംഗീകരിക്കും. പക്ഷേ ഇവിടെ അതല്ല പ്രശ്നം. പെൺകുട്ടികൾക്ക് കൂടുതൽ അവസരം നൽകണമെന്ന അഭിപ്രായത്തോടൊപ്പംതന്നെ പറയട്ടെ, ലൈംഗിക അരാജകത്വം വിശ്വാസി സമൂഹത്തിന് അംഗീകരിക്കാൻ കഴിയില്ല. ആൺകുട്ടിയുടെ വസ്ത്രം പെൺകുട്ടി ധരിച്ചാൽ അത് നീതിയാകുമോ; പെൺകുട്ടിക്ക് തന്റെ സഹജമായ വസ്ത്രം ധരിക്കുന്നതിനുള്ള ആഗ്രഹമുണ്ടാകില്ലേ; പാവാടയും ചുരിദാറുമൊക്കെ ധരിക്കുന്നതിനുള്ള ആഗ്രഹം പെൺകുട്ടിക്കുണ്ടാകില്ലേ? ആ പെൺകുട്ടിയോട് ജീൻസും ടോപ്പുംതന്നെ ധരിക്കണമെന്ന് സർക്കാർ നിർബന്ധിക്കുന്നത്

അംഗീകരിക്കാൻ കഴിയില്ല, അത് അനീതിയാണ്. അതുപോലെതന്നെ, മുതിർന്ന കുട്ടികൾക്ക് മിക്സഡ് ബഞ്ചും ഹോസ്റ്റലും നിശ്ചയിക്കുന്നത് വലിയ പ്രയാസമുണ്ടാക്കും. ഇവിടെ ലിംഗസമത്വമല്ല, അവസര സമത്വമാണ് വേണ്ടത്. ലിംഗസമത്വമെന്ന് പറയുന്നത് തെറ്റാണ്. അതിൽ സഹജമായ വൈജാത്യമുണ്ട്. അവസരസമത്വമാണിവിടെ വേണ്ടത്. ലിംഗ വിവേചനമാണ് കേരളത്തിലെ എല്ലാ സാമൂഹ്യ പ്രശ്നങ്ങളുടെയും കാരണമെന്നാണ് കരട് വായിച്ചാൽ തോന്നുന്നത്. ഇവിടെ ലക്ഷ്യംവയ്ക്കുന്നത് ലിംഗരഹിത സമൂഹമാണ്. ലോകം പുച്ഛിച്ചുതള്ളിയ ആശയമാണിത്. ലിംഗരഹിത സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന പ്രതിസന്ധിയും സുരക്ഷയില്ലായ്മയും കാണേണ്ടതുണ്ട്. കുട്ടികളിലെ ജെൻഡർ കൺഫ്യൂഷനെക്കുറിച്ച് പല ചിന്തകരും എടുത്തുപറഞ്ഞിട്ടുണ്ട്. Actually you are trying to create a gender confusion. ഇവിടെ ആളുകൾക്കിടയിൽ ജെൻഡർ കൺഫ്യൂഷനാണുണ്ടാകുന്നത്. ബ്രസീൽ, പെറു, ചിലി, മെക്സിക്കോ എന്നീ രാജ്യങ്ങളൊക്കെ സാമൂഹ്യ പ്രത്യാഘാതങ്ങളാൽ ഈ ആശയങ്ങളിൽനിന്ന് തിരിഞ്ഞുനടക്കുമ്പോൾ, അത് വാരിപ്പുണരാനുള്ള കേരളീയ നീക്കം തികഞ്ഞ മണ്ടത്തരമാണ് എന്ന് ഈ സന്ദർഭത്തിൽ പറയാൻ

ഞാൻ ആഗ്രഹിക്കുകയാണ്. ജെൻഡർ എന്നത് ജൈവശാസ്ത്രപരമാണ്. ഓരോരുത്തർക്കും അനുഭവപ്പെടുന്നത് നോക്കി ജെൻഡർ തെരഞ്ഞെടുക്കാൻ കഴിയില്ല. 'അത് ജൈവശാസ്ത്രപരമല്ല, ആണിനെയും പെണ്ണിനെയും സമൂഹം സൃഷ്ടിക്കുന്നതാണ്, ആണിനും പെണ്ണിനുമുള്ള മാനസികാവസ്ഥ എപ്പോഴും മാറാം, ആണിന് വേണമെങ്കിൽ പെണ്ണായി മാറാം, പെണ്ണിന് ആണായി മാറാം, അതിന് സമൂഹം അംഗീകാരം കൊടുക്കണം' എന്നാണ് ഈ പാഠ്യപദ്ധതി പരിഷ്കരണത്തിൽ പറയുന്നത്. ഇതൊരു മതത്തിന്റെ മാത്രം പ്രശ്നമല്ല. കേരളത്തിന്റെ ധാർമ്മികത തകർക്കുന്ന ഒരു പ്രശ്നമായതുകൊണ്ട് ചട്ടക്കൂടിലെ ഈ ജെൻഡർ ന്യൂട്രാലിറ്റിയെ ഞങ്ങൾ അതിശക്തമായി എതിർക്കുകയും അത് ഇതിൽനിന്ന് പിൻവലിക്കണമെന്ന് സൂചിപ്പിക്കുകയുമാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ സമയമാറ്റത്തിൽ മദ്രസാ പഠനം അവതാളത്തിൽ ആകുമെന്ന വലിയ ആശങ്ക ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. കേരളീയ സമൂഹത്തിന്റെ രീതി എന്താണ്? അച്ഛനും അമ്മയും ജോലിക്കാരായിരിക്കും, അവർക്ക് ജോലിക്ക് പോകണം. മലയോരം, കടലോരം മുതലായ ഭൂമിശാസ്ത്രപരമായ ധാരാളം പ്രശ്നങ്ങളുണ്ട്, എന്നും മഴയാണ്. ഈ

സാഹചര്യത്തിൽ 8.00 മണിക്ക് കുട്ടിയെ സ്കൂളിൽ എത്തിക്കുക എന്നുള്ളത് പ്രയാസമാണ്. കുട്ടി ഒരു മണിക്ക് തിരിച്ചുവരുമ്പോൾ വീട്ടിൽ ആരുമില്ലാത്ത സ്ഥിതിയുണ്ട്. അതുപോലെ ഇവിടെ കാലങ്ങളായി നടക്കുന്ന മദ്രസ പഠനം അവതാളത്തിലാകാൻ പോകുന്നു. മുമ്പും ഈ നിർദ്ദേശങ്ങളും എതിർപ്പുകളും വന്നപ്പോൾ നിങ്ങൾ പുറകോട്ടുപോയ കാര്യമാണ്. അതുകൊണ്ട് മദ്രസകളെ തകർക്കാനുള്ള ഈ സമയമാറ്റത്തിൽനിന്നും ഗവൺമെന്റ് പുറകോട്ടുപോകണം. മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ മൂന്ന് ഭാഷകളെക്കുറിച്ചാണ് ദേശീയ വിദ്യാഭ്യാസ നയത്തിൽ പറയുന്നത്. ഇവിടെ അറബ്, സംസ്കൃതം, ഉറുദു ഭാഷകളുമുണ്ട്. ഈ ഭാഷകളെ അവഗണിക്കാൻ പാടില്ല. പുതിയ വിദ്യാഭ്യാസ നയത്തിൽ അതിന് വകുപ്പുണ്ടാകണമെന്നുകൂടി ചൂണ്ടിക്കാണിക്കുകയാണ്. ദേശീയ വിദ്യാഭ്യാസ നയം മതേതര വിദ്യാഭ്യാസം തകർക്കുന്ന സംഘ് പരിവാറിന്റെ അജണ്ടയാണ്. ബംഗാളും തമിഴ്നാടും അതിന് ബദൽ ഉണ്ടാക്കിയപ്പോൾ അതിന് കേരളത്തിലൊരു ബദൽ കണ്ടില്ല. അതിനുപകരം നിങ്ങൾ കൊണ്ടുവരുന്ന ഈ ബദൽ അംഗീകരിക്കാൻ കഴിയില്ല.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിലേയ്ക്ക് ലോകം പോകുമ്പോൾ ലൈംഗിക അരാജകത്വത്തിലേയ്ക്ക് കേരളത്തെ തള്ളിവിടുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പാഠ്യപദ്ധതി ചട്ടക്കൂട് പരിഷ്കരണ നിർദ്ദേശങ്ങൾ മുഴുവനും പിൻവലിക്കണമെന്നാണ് ഈ സന്ദർഭത്തിൽ ഞങ്ങൾക്ക് ആവശ്യപ്പെടാനുള്ളത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീനെ ആരോ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു എന്നാണ് എനിക്ക് തോന്നുന്നത്. പാഠപുസ്തക പരിഷ്കരണവും പാഠപുസ്തക നിർമ്മിതിയും ഭരണപക്ഷം-പ്രതിപക്ഷം എന്നുള്ള നിലയിൽ നിർമ്മിക്കേണ്ടതല്ല. ദേശീയതലത്തിൽ പുതിയ വിദ്യാഭ്യാസ നയം 2020 ജൂലൈ 21-ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതി ചട്ടക്കൂടുകൾ വികസിപ്പിക്കുവാനുള്ള നിർദ്ദേശങ്ങളുമുണ്ട്. സംസ്ഥാനങ്ങളെല്ലാം പാഠ്യപദ്ധതി ചട്ടക്കൂടുകൾ വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ഘട്ടമാണിത്. ഒരു രാഷ്ട്രത്തിന്റെ ഭരണഘടനയ്ക്കനുസൃതമായ പൗരസമൂഹത്തെ

വളർത്തിയെടുക്കുക എന്നതാണ് പ്രസ്തുത രാഷ്ട്രത്തിന്റെ വിദ്യാഭ്യാസംകൊണ്ട് സ്വാഭാവികമായും ലക്ഷ്യമിടുന്നത്. ദേശീയ വിദ്യാഭ്യാസ നയം 2020 ജനാധിപത്യം, മതനിരപേക്ഷത തുടങ്ങിയ ഭരണഘടനാ ദർശനങ്ങളെ പാടെ തിരസ്കരിക്കുന്നു എന്ന വിമർശനം ഇതിനകം ഉയർന്നുവന്നിട്ടുണ്ട്. ഈ പദങ്ങൾ ദേശീയ വിദ്യാഭ്യാസ നയത്തിൽ ഉൾച്ചേർത്തിട്ടില്ല എന്നതാണ് വിമർശനങ്ങളുടെ കാതൽ. ഇത്തരമൊരു പശ്ചാത്തലത്തിലാണ് കേരളത്തിൽ പാഠ്യപദ്ധതി പരിഷ്കരണം ആസൂത്രണം ചെയ്തിരിക്കുന്നത്. സുതാര്യവും ജനാധിപത്യപരവുമായ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി കേരളത്തിലും കേരളത്തിനുപുറത്തുമുള്ള വിദ്യാഭ്യാസ വിദഗ്ദ്ധരെയും സർവ്വകലാശാലാ പ്രൊഫസർമാരെയും കോളേജ് അദ്ധ്യാപകരെയും സ്കൂൾ അദ്ധ്യാപകരെയും ഉൾപ്പെടുത്തി 26 ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിച്ച് ഫോക്കസ് മേഖലയെ സംബന്ധിച്ചുള്ള പൊസിഷൻ പേപ്പറുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങളുടെ അന്തിമഘട്ടത്തിലാണ്. പ്രസ്തുത പൊസിഷൻ പേപ്പറുകൾ തയ്യാറാക്കുന്നതിന് സ്കൂൾതലം മുതൽ വിപുലമായ ജനകീയ ചർച്ചകളാണ് സംഘടിപ്പിച്ചിട്ടുള്ളത്. സ്കൂൾ, പഞ്ചായത്ത്,

മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക്, ജില്ലാ സംഘാടക സമിതികളുടെ നേതൃത്വത്തിലാണ് ചർച്ചകൾ നടന്നത്. ഈ ചർച്ചകൾ ഫലപ്രദമായി നടത്തുന്നതിന് കുറിപ്പുകൾ അടങ്ങിയ ഒരു കൈപ്പുസ്തകം, 'പാഠ്യപദ്ധതി ചട്ടക്കൂടുകൾ - സമൂഹ ചർച്ചയ്ക്കുള്ള കുറിപ്പുകൾ' എന്ന പേരിൽ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് ചർച്ചയ്ക്കുള്ള ചില സൂചകങ്ങൾ മാത്രമാണ്. നിലപാട് രേഖയോ പാഠ്യപദ്ധതി ചട്ടക്കൂടുകളോ അല്ല. ജനകീയ അഭിപ്രായം സ്വരൂപിക്കുന്നതിനുള്ള ചർച്ചാ കുറിപ്പുകൾ മാത്രമാണെന്നതാണ് വസ്തുത. ഇതിലെ ഉള്ളടക്കത്തെ സംബന്ധിച്ച് എല്ലാവിഭാഗം ജനങ്ങൾക്കും സ്വതന്ത്രമായ അഭിപ്രായങ്ങളും ആശങ്കകളും പങ്കുവയ്ക്കുന്നതിനുള്ള സുതാര്യമായ സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽനിന്ന് ലിംഗപരമായ സവിശേഷതയാൽ ഒരു കുട്ടിയെയും മാറ്റി നിർത്താൻ പാടില്ലായെന്ന ആശയമാണ് ജനകീയ ചർച്ചയ്ക്കായി മുന്നോട്ടുവച്ചിട്ടുള്ളത്. ഭരണഘടനയുടെ ആർട്ടിക്കിൾ 15 അനുസരിച്ച്, മതം, ജാതി, ലിംഗം, വർണ്ണം, വർഗ്ഗം, പ്രദേശം എന്നിവയുടെ പേരിൽ വിവേചനം അനുവദിക്കുന്നില്ല. ആർട്ടിക്കിൾ 14

എല്ലാതരത്തിലുമുള്ള സമത്വം വിഭാവനം ചെയ്യുകയാണ്. ജെൻഡർ എന്നത് ഒരു സാമൂഹികനിർമ്മിതിയാണ് എന്നാണ് ചർച്ചാ കുറിപ്പിൽ പറയുന്നത്. ജെൻഡർ സാമൂഹിക നിർമ്മിതിയാണെന്നും സെക്സ് അഥവാ ലിംഗം എന്നത് ജൈവപരമാണെന്നും കുട്ടികൾ മനസ്സിലാക്കിയിരിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ സ്ത്രീകൾക്ക് നൽകിവരുന്ന സവിശേഷ പരിഗണനയും സംരക്ഷണങ്ങളും ജെൻഡർ ന്യൂട്രൽ ആശയങ്ങൾവഴി ഇല്ലാതാകുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ല. സ്കൂൾ സമയം മാറ്റുന്നതിനെക്കുറിച്ചുള്ള ചോദ്യം സംബന്ധിച്ച് പുരോഗമനപരമായ വിദ്യാഭ്യാസ സംവിധാനം നിലനിൽക്കുന്നിടത്തോളം ഇത്തരം മാറ്റങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ പൊതുസമൂഹത്തിന്റെ അഭിപ്രായം ആരായുന്നതിനുള്ള ഒരു ആശയം മാത്രമാണ്. ഇതൊരു തീരുമാനമായി പ്രഖ്യാപിക്കേണ്ടതില്ല. ഇന്ത്യൻ ഭരണഘടന മുന്നോട്ടുവച്ച ആശയങ്ങളും മൂല്യങ്ങളും സാർത്ഥകമാക്കുന്ന പാഠ്യപദ്ധതിയേ കേരളത്തിൽ വികസിപ്പിക്കുകയുള്ളൂ. മതനിരപേക്ഷത, ജനാധിപത്യം എന്നിവ പുലർത്തുക എന്നതിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയില്ല. മതനിരപേക്ഷത എന്നാൽ മതനിഷേധമല്ല.

ഭരണഘടനയുടെ ആമുഖത്തിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട്. ഭരണഘടന മുന്നോട്ടുവയ്ക്കുന്ന സമത്വത്തിനുള്ള അവകാശം അംഗീകരിക്കുവാൻ എല്ലാവരും ബാദ്ധ്യസ്ഥരാണ്. ആർട്ടിക്കിൾ 15 പ്രകാരം മതം, വർഗ്ഗം, ജാതി, ലിംഗം, ജനനസ്ഥലം അല്ലെങ്കിൽ അവയിൽ ഏതെങ്കിലും മാത്രം കാരണമാക്കി രാഷ്ട്രം യാതൊരു പൗരനോടും വിവേചനം കാണിക്കുവാൻ പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മൗലിക കർത്തവ്യങ്ങളുടെ ഭാഗമായി ആർട്ടിക്കിൾ 51(എ)-യിൽ ഉപവിഭാഗം (എച്ച്)-ൽ ശാസ്ത്രീയമായ കാഴ്ചപ്പാടുകളും മാനവീകതയും അന്വേഷണത്തിനും പരിഷ്കാരത്തിനുമുള്ള മനോഭാവം വികസിപ്പിക്കുക എന്നതും രേഖപ്പെടുത്തിയിട്ടുണ്ട്. കൂട്ടായ ചർച്ചയിലൂടെ നമ്മുടെ ഭരണഘടനാ ദർശനങ്ങളെ ശരിയായ അർത്ഥത്തിൽ മനസ്സിലാക്കാനും സാമൂഹികമായ സമവായമുണ്ടാക്കുന്നതിനും കഴിയണം. മത നിഷേധമെന്നത് സർക്കാരിന്റെ നിലപാടല്ല. മത പഠനം നഷ്ടപ്പെടുത്തുകയെന്ന ഉദ്ദേശ്യം സർക്കാരിനില്ല. ബഹുസ്വരതയെ, വൈവിദ്ധ്യങ്ങളെ, വൈജാത്യങ്ങളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്നത് തന്നെയായിരിക്കും സർക്കാരിന്റെ നയം. ബഹുമാനപ്പെട്ട അംഗം

ചൂണ്ടിക്കാണിച്ചതിൽ പൊതുയൂണിഫോം എന്ന നിർദ്ദേശം വിദ്യാഭ്യാസ വകുപ്പ് നൽകിയിട്ടില്ല. ഓരോ സ്കൂളിലും പാരന്റ്-ടീച്ചേഴ്സ് അസോസിയേഷനുണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുണ്ട്. അദ്ധ്യാപകരും വിദ്യാർത്ഥികളും തദ്ദേശസ്വയംഭരണ സ്ഥാപനവും ചേർന്ന് തീരുമാനിക്കുന്ന യൂണിഫോമിന് വിദ്യാഭ്യാസ വകുപ്പ് അംഗീകാരം കൊടുക്കുന്നുവെന്ന് മാത്രമേയുള്ളൂ. അല്ലാതെ പ്രത്യേകിച്ച് ഒരു യൂണിഫോം ഇന്ന സ്കൂളിന് വേണമെന്ന നിലയിലുള്ള യാതൊരു നിർദ്ദേശവും കൊടുത്തിട്ടില്ലെന്ന വിവരം അങ്ങയെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്. മിക്സഡ് ബെഞ്ചുകളെക്കുറിച്ച് ഇതുവരെ സർക്കാർ ആലോചിച്ചിട്ടില്ല. അങ്ങയെ ആരാണ് ഇങ്ങനെ തെറ്റിദ്ധരിപ്പിച്ചത്? മിക്സഡ് ബെഞ്ചുകളും മിക്സഡ് ഹോസ്റ്റലുകളും എന്ന കാതലായ മാറ്റം വരണമെങ്കിൽ നമ്മൾ എല്ലാവരും കൂട്ടായല്ലേ അതിനെപ്പറ്റി ആലോചിക്കുകയുള്ളൂ? കുട്ടികളുടെ പാഠപുസ്തകമെന്ന് പറഞ്ഞാൽ ഭരണപക്ഷവും പ്രതിപക്ഷവും എന്നുള്ള നിലയിൽ കാണേണ്ടതല്ലല്ലോ. കുട്ടികളുടെ ഒരു പാഠപുസ്തകം പ്രസിദ്ധീകരിച്ച് കഴിഞ്ഞാൽ അതിൽ ഒരു അഭിപ്രായവ്യത്യാസവും പാടില്ലെന്ന നിലപാടാണ് എൽ.ഡി.എഫ്. ഗവൺമെന്റിനുള്ളത്. എന്തെങ്കിലും സംശയമുണ്ടെങ്കിൽ നമുക്ക്

ഇരുകൂട്ടർക്കും അതുസംബന്ധിച്ച് സംസാരിക്കാം. യൂണിഫോമിനെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു. മിക്സഡ് ബെഞ്ച് എന്ന നിർദ്ദേശം ഒരു സ്ഥലത്തും കൊടുത്തിട്ടില്ല.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, (.....മൈക്ക് ഓഫ്.....) ('കേരള പാഠ്യപദ്ധതി ചട്ടക്കൂടുകൾ' എന്ന പുസ്തകം ഉയർത്തി കാണിക്കുന്നു.)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്.....പ്ലീസ്....., ശ്രീ. എൻ. ഷംസുദ്ദീൻ, മിനിസ്റ്റർ പറയട്ടെ.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, 'കേരള പാഠ്യപദ്ധതി ചട്ടക്കൂടുകൾ' എന്ന കൈപ്പുസ്തകം എന്റെ കൈയ്യിലുണ്ട്. (പുസ്തകം ഉയർത്തി കാണിക്കുന്നു). ഞാൻ അത് അങ്ങേയ്ക്ക് തരാം. ഞാൻ തരുന്നതായിരിക്കും ശരി. അങ്ങത് വായിക്കണം. ഇത് എല്ലാ എം.എൽ.എ.-മാർക്കും കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട ചെയർ അനുവദിച്ചാൽ ഈ കരട് രേഖയെ സംബന്ധിച്ച് എം.എൽ.എ.-മാർക്കുവേണ്ടി ഒരു ദിവസത്തെ ശില്പശാല നടത്തി അവരിൽനിന്നും വിലപ്പെട്ട നിർദ്ദേശങ്ങൾ ശേഖരിക്കാം. ആ കാര്യത്തിൽ ഒരു തർക്കവും വേണ്ട.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്.......പ്ലീസ്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, വേറൊരു കാര്യം, മിക്സഡ് ബെഞ്ചില്ലെന്നുള്ള കാര്യം ഞാൻ പറഞ്ഞുകഴിഞ്ഞു. മിക്സഡ് ബെഞ്ചും മിക്സഡ് ഹോസ്റ്റലുകളൊന്നും വേണ്ട, നമുക്ക് അതൊന്നും വേണമെന്ന് പറയുന്നില്ല. ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീനും ഞാനും ഫ്ലൈറ്റിൽ സഞ്ചരിക്കുന്നു എന്ന് സങ്കൽപ്പിക്കുക, അതിനുള്ളിൽ പ്രവേശിക്കുമ്പോൾ ഒരു വനിത അടുത്ത് വന്നിരുന്നാൽ നമുക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ? ടിക്കറ്റെടുത്ത് സിനിമാ തിയേറ്ററിനുള്ളിൽ പ്രവേശിക്കുമ്പോൾ തൊട്ടടുത്ത് ഇരിക്കുന്നത് വനിതയാണെങ്കിൽ ഞാൻ അടുത്തിരിക്കില്ലെന്ന് പറയാൻ സാധിക്കുമോ? ഞാൻ വെറുതെ പറഞ്ഞെന്ന് മാത്രമേയുള്ളൂ.

അതുപോലെതന്നെ വിശ്വാസി സമൂഹത്തിന് ഒരു ആശങ്കയും വേണ്ട. സ്കൂൾ ടൈം രാവിലെ 8.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ ആക്കുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശം വന്നിട്ടുണ്ട്. സർക്കാർ അതൊരു തീരുമാനമായി എടുത്തിട്ടേയില്ല. അങ്ങനെയൊരു ആശങ്കയുടെ കാര്യവുമില്ല. എന്നാൽ കേരളത്തിലെ പല സ്കൂളുകളിലും 8.00 മണിമുതൽ ക്ലാസ്സുകൾ നടക്കുന്നുണ്ട്. ഞാൻ ഒരു വിവാദത്തിനോ വാദപ്രതിവാദത്തിനോ മുതിരുന്നില്ല. കേന്ദ്രീയ

വിദ്യാലയം, നവോദയ വിദ്യാലയം തുടങ്ങിയ സ്കൂളുകളിൽ രാവിലെ എട്ട് മണിക്ക് ക്ലാസ് നടക്കുന്നുണ്ട്. അതുപോലെ പല സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിലും എട്ട് മണിക്ക് ക്ലാസ് നടക്കുന്നുണ്ട്. മലപ്പുറം ജില്ലയിലും കോഴിക്കോട് ജില്ലയിലും ക്ലാസ്സുകൾ നടക്കുന്നുണ്ട്. സ്കൂളുകളുടെ പേര് പറഞ്ഞ് ഞാനൊരു തർക്കത്തിലേയ്ക്ക് പോകുന്നില്ല. ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് ഒരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. സ്കൂൾ സമയക്രമം സംബന്ധിച്ച് തീരുമാനിക്കുന്ന അവസരത്തിൽ തീർച്ചയായും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും ഉപനേതാവിനോടും ചർച്ച ചെയ്തിട്ട് മാത്രമേ നടപ്പിലാക്കുകയുള്ളൂവെന്ന കാര്യംകൂടി ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. വളരെ നല്ലൊരു നിർദ്ദേശംകൂടി ബഹുമാനപ്പെട്ട അംഗം ഇവിടെ പറയുകയുണ്ടായി. കുട്ടികൾ ബെഞ്ചിലിരിക്കുന്ന കാര്യമെല്ലാം പറഞ്ഞതിനുശേഷം അദ്ദേഹം പെട്ടെന്ന് ശാസ്ത്രരംഗത്തേയ്ക്ക് കടന്നു. ലോകത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാർവ്വത്രികമാകുന്ന അത്യാധുനിക ശാസ്ത്രപുരോഗതിയിലേയ്ക്ക് പോകുമ്പോൾ പാഠ്യപദ്ധതിവഴി ലക്ഷ്യമിടേണ്ടതും അത്തരം ലോകത്തോടൊപ്പം സഞ്ചരിക്കേണ്ട ലക്ഷ്യങ്ങളാണ്. കേരളത്തിൽ

ഇപ്പോൾ 9000 റോബോട്ടിക് കിറ്റുകൾ സ്കൂളുകളിൽ കൊടുത്തുകഴിഞ്ഞുവെന്ന വസ്തുത അങ്ങ് മനസ്സിലാക്കണം. 2000 സ്കൂളുകളിലാണ് ഇതിന്റെ പ്രയോജനമുണ്ടാകുന്നത്. ഇത് ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമില്ലെന്ന കാര്യംകൂടി അങ്ങ് അറിഞ്ഞിരിക്കേണ്ടതുണ്ട്. നേരത്തെ അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, മിക്സഡ് ക്ലാസ്, മിക്സഡ് സ്കൂൾ, സ്കൂൾ സമയം, മതനിഷേധം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് നടക്കുന്ന ചർച്ചയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല; അതിൽ അങ്ങ് ആശങ്കപ്പെടേണ്ട കാര്യമില്ലെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, പാഠ്യപദ്ധതി പരിഷ്കരണ ചട്ടക്കൂടുമായി നടക്കുന്ന ചർച്ചകളാണിത്. ഞാൻ ഇവിടെ ഉന്നയിച്ചത് ഒരു വലിയ സമൂഹത്തിന്റെ ആശങ്കകളാണ്. അതിൽ ഒട്ടുമിക്കതും ഈ നിയമസഭയ്ക്കകത്തുതന്നെ ദൂരീകരിച്ചതിൽ ഞാൻ അദ്ദേഹത്തോട് പ്രത്യേകം നന്ദി പറയുന്നു. അങ്ങ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ്. ലിംഗ അവസ്ഥയെന്ന് പറയുന്നത് (ജെൻഡർ) അതൊരു സാമൂഹ്യനിർമ്മിതിയാണ് ജൈവശാസ്ത്രപരമല്ലെന്നാണ് അങ്ങ് മറുപടി പറഞ്ഞത്. അതിൽ ഞങ്ങൾക്ക്

വിയോജിപ്പുണ്ട്. ആണിന് ആണിന്റെയും പെണ്ണിന് പെണ്ണിന്റെയും ജൈവശാസ്ത്രപരമായ ഘടകങ്ങളുണ്ട്. പക്ഷെ സ്ത്രീയായതുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് വിവേചനം പാടില്ലെന്ന നയമല്ലേ സ്വീകരിക്കേണ്ടത്. ആണും പെണ്ണും ഒന്നാണെന്ന് പറയുന്നതല്ല, പെണ്ണായതുകൊണ്ട് വിവേചനം പാടില്ലെന്ന നയമല്ലേ സ്വീകരിക്കേണ്ടത്?

ശ്രീ. വി. ശിവൻകുട്ടി: സർ, ആൺ ആണിന്റെ കർമ്മവും പെൺ പെണ്ണിന്റെ കർമ്മവും നിർവ്വഹിക്കുന്നുണ്ട്. നമുക്ക് അതിൽ തർക്കത്തിന്റെ വിഷയമില്ല. സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള അസമത്വമില്ലാതാക്കുകയെന്നുള്ള കാര്യം മാത്രമേ അതിലുള്ളൂ. അതുകൊണ്ട് അങ്ങ് ആശങ്കപ്പെടേണ്ട ഒരു കാര്യവുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് ഒഴിവാക്കാൻ കഴിയാത്ത പതിനാറ് സബ്മിഷനുകളാണുള്ളത്. അതിനുശേഷം അഞ്ച് ബില്ലുകൾ പരിഗണിക്കേണ്ടതുണ്ട്. സബ്മിഷൻ പരമാവധി സമയം ചുരുക്കി അവതരിപ്പിക്കേണ്ടതാണെന്ന് ഓർമ്മപ്പെടുത്തുന്നു. അവതരണത്തിന് ഒരു

മിനിട്ടും മറുപടിക്കും ആ നിലയിൽ സമയക്രമം പാലിച്ച് മന്ത്രിമാർ മറുപടി പറയണം. ദീർഘമായ മറുപടിയുണ്ടെങ്കിൽ മേശപ്പുറത്ത് വയ്ക്കണം.